"അച്ചൻകോവിൽ-കോന്നി റോഡിന് ബഡ്ജറ്റിൽ വക കൊള്ളിച്ച തുക ചെലവഴിക്കാത്തതിന്റെ കാരണം"

86(1002) ശ്രീ. അടൂർ പ്രകാശ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനംവകുപ്പിന്റെ വിവിധ ഹെഡ് ഓഫ് അക്കൗണ്ടുകളിൽ ബഡ്ജറ്റിലെ വിശദമായ കണക്കിൽ പ്രത്യേകമായി വകയിരുത്തുന്ന തുകകൾ മറ്റുജോലികൾക്കായി വകമാറ്റി ചെലവഴിക്കാൻ അനുവദിക്കാറുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഏതെല്ലാം തരത്തിലാണ് ഇപ്രകാരം വകമാറ്റി ചെലവ് ചെയ്യാൻ അനുവാദമുള്ളതെന്ന് വിശദീകരിക്കുമോ;

(സി) 1992-93 സാമ്പത്തികവർഷത്തെ ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളെ സംബന്ധിച്ച സബ് കമ്മിറ്റി 2 ന്റെ ശുപാർശയിൽ പറഞ്ഞിരിക്കുന്ന അച്ചൻ കോവിൽ-കോന്നി റോഡിന്റെ നിർമ്മാണത്തിനായി 1999-2000 വർഷത്തേയ്ക്ക് അനുവദിച്ച 50/- ലക്ഷം രൂപ വിനിയോഗിക്കാതിരുന്നതിന്റെ കാരണം വ്യക്തമാക്കുമോ;

(ഡി) ബഡ്ജറ്റിൽ പ്രത്യേക ഹെഡ്ഡിൽ നീക്കിവച്ച തുക വകമാറ്റി ചെലവഴിച്ച കാരണം വെളിപ്പെടുത്തുമോ;

(ഇ) ഇത്തരത്തിൽ തുക വകമാറ്റി ചെലവഴിക്കുകയും അനുവദിച്ച തുക പൂർണ്ണമായും വിനിയോഗിക്കാതിരിക്കുകയും ചെയ്യുന്നത് കുറ്റകരമായി കണക്കാക്കി ഉത്തരവാദികളായവർക്കെതിരെ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഒരു ബഡ്ജറ്റ് ഹെഡ്ഡിൽ വകയിരുത്തുന്ന തുക മറ്റ് ബഡ്ജറ്റ് ഹെഡ്ഡിലേയ്ക്ക് വകമാറ്റി ചെലവഴിച്ചിട്ടില്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി)-(ഇ) കോന്നി-അച്ചൻകോവിൽ റോഡിന്റെ അറ്റകുറ്റപ്പണികൾക്കായി 1999-2000 വർഷത്തിൽ ബഡ്ജറ്റിൽ കോന്നിഡിവിഷന്റെ അധികാര പരിധിയിൽ ഉൾപ്പെടുന്നതായ ഭാഗത്തിന് 36/- ലക്ഷം രൂപയും അച്ചൻകോവിൽ ഡിവിഷന്റെ പരിധിയിൽ വരുന്ന ഭാഗത്തിന് 5.5 ലക്ഷം രൂപയും ഉൾപ്പെടെ 41.5 ലക്ഷം രൂപ മൊത്തം വകയിരുത്തിയിട്ടുണ്ടായിരുന്നു. ആയതിൽ കോന്നി ഡിവിഷനിൽനിന്ന് 5.54 ലക്ഷം രൂപയും, അച്ചൻകോവിൽ ഡിവിഷനിൽനിന്ന് 0.67 ലക്ഷം രൂപയും ഉൾപ്പെടെ 6.21 ലക്ഷം രൂപ മൊത്തം ചെലവഴിച്ചിട്ടുണ്ട്. റോഡിന്റെ കൂടുതൽ റിപ്പയറിംഗ് ജോലികൾക്ക് എസ്റ്റിമേറ്റ് തയ്യാറാക്കുകയും ഏതാനും ജോലികൾക്ക് ടെണ്ടർ ചെയ്യുകയും ഉണ്ടായിട്ടുണ്ട്. വിവിധ ജനപ്രതിനിധികളുടെ നിവേദനത്തിന്റെ വെളിച്ചത്തിൽ വകുപ്പുമന്ത്രി 07/04/99, 29/11/99, 16/12/99, 21/12/99. 7/3/2000 എന്നീ തീയതികളിൽ നടത്തിയ അവലോകനയോഗങ്ങളിൽ റോഡ്ജോലികൾക്ക് അനുവദിച്ച തുകകളെ, ജോലിയുടെ പുരോഗതിയുടെ അടിസ്ഥാനത്തിലും മറ്റും വിലയിരുത്തുകയും ചില ഡിവിഷനുകളിലേയ്ക്കുള്ള അലോട്ട്മെന്റ് മറ്റു ഡിവിഷനുകളിലേയ്ക്ക് മാറ്റികൊടുക്കുവാൻ നിർദ്ദേശം നൽകിയതിന്റെ അടിസ്ഥാനത്തിൽ അപ്രകാരം മാറ്റി നൽകുകയും ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly